**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1240** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ ഓഫീസിന് അനുവദിച്ച സർക്കാർ വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരവികസന വകുപ്പ് മന്ത്രിക്കും ഓഫീസിനുമായി അനുവദിച്ച് നൽകിയിട്ടുള്ള സർക്കാർ വാഹനങ്ങൾ എത്ര എണ്ണമാണെന്നും ഏതൊക്കെ വാഹനങ്ങളാണ് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ; | (എ) | ബഹു.ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക ആവശ്യത്തിനായി ടൂറിസം വകുപ്പിൽ നിന്നും K L 01 CB 8262 (Kerala State 14) രജിസ്ട്രേഷൻ നമ്പർ വാഹനം ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ച നൽകിയിട്ടുണ്ട്.<br><br>മൃഗസംരക്ഷണ വകുപ്പിൽ നിന്നും ക്ഷീരവികസന വകുപ്പിൽ നിന്നും ഓരോ വാഹനങ്ങൾ മന്ത്രിയുടെ ഓഫീസിന്റെ ഉപയോഗത്തിലേക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാര വകുപ്പിൽ നിന്നും അനുവദിച്ച വാഹനങ്ങൾ കൂടാതെ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും വാഹനങ്ങൾ മന്ത്രി ഓഫീസിന്റെ സേവനത്തിനായി ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എത്ര വാഹനങ്ങളാണ് ഇപ്രകാരം ഉപയോഗിക്കുന്നതെന്നും ആരൊക്കെയാണ് പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | ക്ഷീരവികസന വകുപ്പമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസ് ആവശ്യങ്ങൾക്കായി കെ.എൽ.ഡി ബോർഡിൽ നിന്നും ഒരു വാഹനം (KL 01-BS-9426, DUSTER) അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | (സി) | വാഹനങ്ങൾ യാത്രകൾക്ക് ഉപയോഗിക്കുമ്പോൾ യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് ഡ്രൈവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കെ.എൽ.ഡി ബോർഡ് അനുവദിച്ച വാഹനത്തിന്റെ ലോഗ് ബുക്ക് ബോർഡിലെ വാഹനങ്ങളുടെ കസ്റ്റോഡിയനായ മാനേജർ (അഗ്രി എഞ്ചിനീയറിംഗ്) കൃത്യമായി പരിശോധിച്ച് ദുരുപയോഗം ചെയ്യുന്നതല്ലായെന്ന് ഉറപ്പ വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ